Page 1 of 2

## പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങൾക്കായി നടത്തിയ ക്ഷേമപ്രവർത്തനങ്ങൾ

277 (2565) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നുവെന്നും ആയതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇവർക്കായി വിഭാവനം ചെയ്തിരുന്നതെന്ന് വിശദമാക്കുമോ ;

(സി) ഓരോ വർഷവും എത്ര കുടുംബങ്ങൾക്കാണ് പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്നതെന്നും എത്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ ഗുണം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ആരാണെന്നും, ഇതിനുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ ; ഈ പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ)

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക | ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 1044 ലക്ഷം | 1044 ലക്ഷം |
| 2012-13 | 500 ലക്ഷം | 499.50 ലക്ഷം |
| 2013-14 | 1500 ലക്ഷം | 1504.48 ലക്ഷം |

(ബി) പട്ടികജാതിക്കാരിൽ സാമ്പത്തികമായും സാമൂഹികമായും ഏറെ പിന്നോക്കം നിൽക്കുന്ന നായാടി, വേട്ടുവൻ, കള്ളാടി വേടൻ, അരുന്ധതിയാർ/ചക്ലിയാർ എന്നിവർ ഉൾപ്പെടുന്ന ദുർബ്ബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനായി ഒരു ഗുണഭോക്താവിന് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 2.50 ലക്ഷം രൂപയും വീട് വയ്ക്കുന്നതിനായി 2 ലക്ഷം രൂപയും ഉൾപ്പെടെ ഒരൊറ്റ യൂണിറ്റായി കണക്കാക്കി 4.50 ലക്ഷം രൂപ അനുവദിക്കുന്നു. കൂടാതെ ടി വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ചികിത്സ, കുടിവെള്ളം, വൈദ്യുതീകരണം, റോഡ് തുടങ്ങിയ സമഗ്ര വികസനത്തിനായുള്ള പദ്ധതികളും വിഭാവനം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി)

| വർഷം | ഇനം | ഭൗതിക ലക്ഷ്യം | ഭൗതിക നേട്ടം | ചെലവ് (രൂപയിൽ) |
|---|---|---|---|---|
| 2011-12 | ഭൂമി | 464 | 374 | 88929500 |
| | വീട് | 464 | 99 | 4185000 |
| 2012-13 | ഭൂമി | 114 | 114 | 28500000 |
| | വീട് | 114 | 114 | 5750000 |
| 2013-14 | ഭൂമി | 443 | 443 | 11074000 |
| | വീട് | 498 | 498 | 22930000 |

(ഡി) പട്ടികജാതി വികസന വകുപ്പാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പട്ടികജാതി വികസന ആഫീസർമാരുടെ മേൽനോട്ടത്തിൽ പദ്ധതി നിർവ്വഹണം നടപ്പാക്കുന്നു.

**പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുവാൻ വേണ്ടി നീക്കിവച്ച തുക**

**278 (2566)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുവാൻ വേണ്ടി കഴിഞ്ഞവർഷം നീക്കിവെച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) അപേക്ഷ നൽകിയ അർഹരായ എല്ലാവർക്കും ഭൂമി നൽകുവാൻ അനുവദിച്ച തുക പര്യാപ്തമാണോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ 7568 ലക്ഷം രൂപയും അധിക കേന്ദ്രസഹായമായി 2432 ലക്ഷം രൂപയും ചേർത്ത് 100 കോടി രൂപയാണ് ഭൂമി വാങ്ങുവാൻ വേണ്ടി നീക്കിവച്ചത്.

(ബി) അർഹരായ എല്ലാപേർക്കും ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. 2013-14 വർഷം 6000 പേർക്ക് ഭൂമി അനുവദിച്ചു. തുടർവർഷങ്ങളിൽ അർഹരായ ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly